KERALA BANK
Kerala State Co-operative Bank

KSCB/HR/649/2023-24 05.04.2024

രജിസ്റ്റേഡ് എ/ഡി

കുറ്റാരോപണ മെമ്മോ

ശ്രീ. മോഹൻകുമാർ.എ (ID No.04946) എന്ന താങ്കൾ മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 28.02.2006-ൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. തുടർന്ന് താങ്കളുടെ അപേക്ഷ പ്രകാരം 08.06.2008 മുതൽ 20.08.2008 വരെ 74 ദിവസത്തെ ശൂന്യവേതന അവധി ബാങ്ക് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ 20.08.2008 നുശേഷം താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കുകയോ നിയമാനുസൃതം അവധി അപേക്ഷ ബാങ്കിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ശൂന്യവേതന അവധിയ്ക്കുശേഷവും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്കലംഘനമാണ്.

കൂടാതെ സ്റ്റാഫ് റെഗുലേഷൻ

Clause 18 (v):-absence without leave whether in continuation of sanctioned leave or otherwise shall be treated as leave without pay and the employee will be subject to disciplinary action by the bank for such absence.

മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 29.11.2019 മുതൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചിട്ടുള്ളതാകുന്നു.

മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ Clause 10(iii) പ്രകാരം. താങ്കൾക്ക് ബാങ്കിന്റെ ജോലിയിൽ തുടരാനുള്ള അവകാശം നഷ്ടമായിരിക്കുന്നു.

Clause 10(iii) :- an employee of the Bank who absents himself without leave or notice continuously beyond 15 days shall forefit his lien unless he proves that the absence was due to reasons beyond his control.

താങ്കളുടെ മേൽ പ്രസ്താവിച്ച പ്രവൃത്തികൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷനിലെ താഴെ പറയുന്ന Clause- കളുടെ ലംഘനവും ഗുരുതരമായ അച്ചടക്കലംഘനവുമാകുന്നു.

Clause 44(d):- Leave will ordinarily be granted on previous written application only.

Clause 44(e):- Absence without whether in continuation of sanctioned leave or otherwise shall be treated as leave without pay and the employee will be subject to disciplinary action by the Bank for such absence.

Clause 44(h):- An employee before proceeding on leave will intimate to the sanctioning authority his address while on leave and will keep the said authority informed of the change in the address, if any previously furnished by him.

Clause 7 :- Every employee of the Bank shall conform to and abide by these regulations and shall observe, comply with and obey all orders and directions which may, from time to time, be given to him by any person or persons under whose supervision and control he may, for the time being, be placed.

Clause 55(1)(f):- Willful insubordination or disobedience of any lawful and reasonable order of a superior or misbehavior with any employee of the Bank

Clause 55(1)(g):- Any other act or omission on the part of the employee considered as gross misconduct by the competent authority.

21.08.2008 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരിക്കുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ ബാങ്ക് ഭരണസമിതിയുടെ 25.10.2023-ലെ 2406(5)-ാം നമ്പർ തീരുമാനപ്രകാരം അതിനു ചുമതലപ്പെട്ട ശിക്ഷണ അധികാരി തീരുമാനിച്ചിരിക്കുന്നു.

ബാങ്കിലെ ഒരു ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ മേൽപ്പറഞ്ഞ പ്രവർത്തികൾ അത്യധികം ഗൗരവതരമായ ചട്ടലംഘനവും ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. ആയതിനാൽ മുകളിൽ പരാമർശിക്കപ്പെട്ട കുറ്റാരോപണങ്ങളുടെ പേരിൽ താങ്കൾക്കെതിരെ മുൻ തിരുവനന്തപുരം ജില്ലാ ബാങ്ക് Staff Regulation, കേരള സംസ്ഥാന സഹകരണ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ, KCS Act, Rules

എന്നിവയിലെ പ്രസക്തമായ വ്യവസ്ഥകൾപ്രകാരം അച്ചടക്കനടപടി കൈക്കൊള്ളാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ചുവടെ കയ്യൊപ്പുചാർത്തിയ ശിക്ഷണ അധികാരി മുമ്പാകെ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട 15 ദിവസത്തിനുള്ളിൽ ഈ കുറ്റാരോപണമെമ്മോയ്ക്കുള്ള മറുപടി ചുവടെ കയ്യൊപ്പ് ചാർത്തിയ ശിക്ഷണാധികാരി സമക്ഷം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഈ കുറ്റാരോപണ മെമ്മോയ്ക്കുമേൽ യാതൊന്നും ബോധിപ്പിക്കാനോ വിശദീകരിക്കാനോ ഇല്ല എന്ന അനുമാനത്തിന്മേൽ താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള അച്ചടക്കലംഘനത്തിൻമേൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

ഈ കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റി ഒരു രസീത് ഉടൻ തന്നെ നൽകണമെന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ – 8/4/24
(നിയമന അധികാരി)

ശ്രീ. മോഹൻകുമാർ.എ
T.C 24/1657, ഇന്ദിരാഭവൻ
ഇറക്കം റോഡ്, തൈക്കാട്.പി.ഒ
തിരുവനന്തപുരം -695014

Kerala State Co-operative Bank
KERALA BANK
Head Office
Thiruvananthapuram

KERALA BANK
Kerala State Co-operative Bank

DR. No. 6515, COBANK TOWERS, VIKAS BHAVAN P.O., PALAYAM, THIRUVANANTHAPURAM, PIN 695 033

KSCB/HR/241/202324-

05.04.2024

രജിസ്റ്റേഡ് എ/ഡി

കുറ്റാരോപണ പത്രിക
(അനുബന്ധം 1)

മുൻ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ. മോഹൻകുമാർ.എ (ID No.04946) എന്ന താങ്കൾ 20.08.2008-ന ശേഷം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ താങ്കൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് അനുബന്ധമായി നൽകുന്ന കുറ്റാരോപണ പത്രിക.

കുറ്റാരോപണം

മുൻ തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവന്നിരുന്ന താങ്കൾ 20.08.2008-നുശേഷം നിയമാനുസൃതം അവധി അപേക്ഷകൾ സമർപ്പിച്ച് അനുവാദം വാങ്ങാതെ നാളിതുവരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ തുടർന്നുവരുന്നു. ആയത് പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതര വീഴ്ച വരുത്തിയിരിക്കുന്നു. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ തുടർന്നുവരുന്ന സാഹചര്യത്തിൽ ബാങ്ക് സ്റ്റാഫ് റെഗുലേഷനിലെയും സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വകുപ്പുകൾ പ്രകാരം അച്ചടക്ക നടപടി നേരിടാവുന്ന പ്രവർത്തിയാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(നിയമന അധികാരി)
8/4/24

ശ്രീ. മോഹൻകുമാർ.എ
T.C 24/1657, ഇന്ദിരാഭവൻ
ഇറക്കം റോഡ്, തൈക്കാട്.പി.ഒ
തിരുവനന്തപുരം -695014

Kerala State Co-operative Bank
KERALA BANK
Head Office
Thiruvananthapuram